## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 640 — 05.06.2018 ൽ മറുപടിക്ക്

### ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്കായി നാളിതുവരെ എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും എത്ര കിലോമീറ്റർ ദൂരം ,പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | എ) | ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മാംഗ്ലൂർ പൈപ്പ് ലൈനിന്റെ മൊത്തം ദൈർഘ്യം 438 കിലോമീറ്ററാണ്. ഇതിൽ 403 കിലോമീറ്റർ കേരളത്തിലൂടെ കടന്നുപോകുന്നു. പ്രസ്തുത സ്ഥലത്തിന്റെ 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് ഉപയോഗാവകാശം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. കേരളത്തിലൊട്ടുക്കും ഇതുവരെ 333 കിലോമീറ്റർ പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയാക്കിക്കഴിഞ്ഞു. |
| (ബി) | മലപ്പുറം ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ പൈപ്പ് ലൈനിന്റെ മൊത്തം നീളം 58 കിലോമീറ്ററാണ്. മൊത്തം കിലോമീറ്ററിലും 3(1), 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ഭൂമിയുടെ ഉപയോഗാവകാശം ഗെയിൽ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചനാമ തയ്യാറാക്കുന്ന നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഭൂമിയിലെ വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരമായി 22,88,70,128.00 രൂപ കോംപീറ്റന്റ് അതോറിറ്റി പാസ്സാക്കിക്കഴിഞ്ഞു. ഇതിൽ 19,62,13,336.00 രൂപ ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു. കൈവശാവകാശം |

| | | | |
|---|---|---|---|
| | | | തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറക്ക് ബാക്കി വരുന്ന നഷ്ടപരിഹാര തുകയും വിതരണം ചെയ്യുന്നതാണ്. ജില്ലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലികൾ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ജില്ലയിൽ ഇതുവരെയായി 37 കിലോമീറ്റർ നീളത്തിൽ പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയായിക്കഴിഞ്ഞു. |
| (സി) | പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരമായി എന്തു തുക നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (സി) | ഉപയോഗാവകാശം ഏറ്റെടുത്തിട്ടുള്ള ഭൂമിക്ക് പ്രധാനമായും രണ്ടു തരത്തിലുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്.<br>1. ചമയങ്ങൾക്കും വിളകൾക്കുമുള്ള നഷ്ടപരിഹാരം<br>2. ഭൂമിക്ക് നൽകുന്ന നഷ്ടപരിഹാരം.<br>കാർഷിക വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേയ്ക്കായി പി & എം പി ആക്ട് & റൂൾ 4 പ്രകാരം കോംപീറ്റന്റ് അതോറിറ്റി സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റ്, കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് . റബ്ബർ ബോർഡ് , കാർഷിക വിള ഇൻസ്റ്റിറ്റ്യൂട്ടുകളിൽ തുടങ്ങി വിവിധ സർക്കാർ ഏജൻസികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും വില വിവരപ്പട്ടിക സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ കേരള സർക്കാർ ഉത്തരവിൻ പ്രകാരം നെൽ വയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ വച്ച് നൽകി വരുന്നു.<br>ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി & എം പി ആക്ട് 1962 സെക്ഷൻ 10 (4) പ്രകാരം ഭൂമിയുടെ 3(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതിക്ക് ഉണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10 % നൽകേണ്ടതാണ്. മാർക്കറ്റ് വില ന്യായവിലയുടെ 10 ഇരട്ടിയായി നിശ്ചയിച്ച് കേരള സർക്കാർ ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ് ലൈൻ സ്ഥാപിച്ച |

| | | | |
|---|---|---|---|
| | | | 10 മീറ്റർ ഭൂമിയുടെ നിലവിലുള്ള 100% ന്യായവിലയും നൽകിവരുന്നു. കൂടാതെ, 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ, അവരുടെ ഉടമസ്ഥതയിൽ മറ്റു ഭൂമിയൊന്നുമില്ലെങ്കിൽ പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസധനമായി നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നതാണ്. |
| **(ഡി)** | ഇങ്ങിനെ എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്തു; | **(ഡി)** | കേരളത്തിൽ ഇതിനോടകം 8929 പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. |
| **(ഇ)** | സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ സുതാര്യമാക്കുന്നതിനും ജനവാസമേഖല കളെ ഒഴിവാക്കി പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ? | **(ഇ)** | പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമിയും 6(1) ഗസറ്റ് വിജ്ഞാപന പ്രകാരം കേന്ദ്ര സർക്കാർ ഏറ്റെടുക്കുകയും ഉപയോഗാവകാശം ഗെയിലിന് കൈമാറിയിട്ടുള്ളതാണ്.<br>പരമാവധി ജന സാന്ദ്രത കുറഞ്ഞ മേഖലയിലൂടെയാണ് കൊച്ചി - മംഗലാപുരം പൈപ്പ് ലൈൻ അലൈൻമെന്റ് കടന്നുപോകുന്നത്. പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള ജനങ്ങളുടെ ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പഞ്ചായത്തുകൾ തോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. കൂടാതെ ദൃശ്യ മാധ്യമങ്ങളിലൂടെയും പത്ര പരസ്യങ്ങളിലൂടെയും ലഘുലേഖകൾ മുഖേനയും എഫ് എം റേഡിയോ വഴിയും ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും മേന്മയെ ക്കുറിച്ചും ഉള്ള വിവരങ്ങൾ പ്രചരിപ്പിച്ചുവരുന്നുണ്ട്. ആയതിന്മേലുള്ള സംശയങ്ങൾ പറഞ്ഞു കൊടുക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗ സ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും, കുടുംബശ്രീ തുടങ്ങിയ സർക്കാർ / സർക്കാർ ഇതര ഏജൻസികൾക്കും പൈപ്പ് ലൈനിനെക്കുറിച്ചും, ലഭിക്കുന്ന നഷ്ടപരിഹാരത്തെക്കുറിച്ചും പല വേദികളിൽ വച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മലപ്പുറം ,. കോഴിക്കോട് ജില്ലകളിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജില്ലകളിലെ തിരഞ്ഞെടുത്ത പോലീസ് സേനാംഗങ്ങളുടെ ഒരു കർമ്മസേനയ്ക്ക് രൂപം കൊടുത്തു. ഈ കർമ്മ സേനയെ 5 വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങളെ വിജയകരമായി ബോധവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. കർമ്മ സേനയുടെ സേവനം വലിയൊരളവുവരെ ജനങ്ങൾക്കിടയിൽ വിശ്വാസ്യത വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. സുരക്ഷയെപ്പറ്റിയും നഷ്ടപരിഹാരത്തെപ്പറ്റിയുമുള്ള ജനങ്ങളുടെ ആശങ്കകൾ നീക്കുവാനും പദ്ധതിയുടെ ഗുണങ്ങളെപ്പറ്റി ബോധവൽക്കരിക്കുവാനും സാധിച്ചു. |

Ponnolu T

**സെക്ഷൻ ഓഫീസർ**